## ദമ്പതിമാർ അനുദിനം പ്രാർത്ഥിക്കുവാൻ

ആദിയിൽ മനുഷ്യനെ ആണും പെണ്ണുമായി സൃഷ്ടിച്ച് ഉത്തമ കുടുംബമായി അനുഗ്രഹിച്ച സ്നേഹവാനായ ദൈവമേ, വിവാഹ കൂദാശയിലൂടെ അങ്ങ് ഞങ്ങളേയും ഒന്നാക്കിത്തീർത്ത് ഒരു കുടുംബമാക്കിയതിനാൽ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ദൈവമേ, അങ്ങ് ഞങ്ങളുടെ ദാമ്പത്യബന്ധത്തിൽ ഇടപെട്ട് ഞങ്ങളെ അനുഗ്രഹിക്കണമെ. “മുപ്പിരിച്ചരട് വേഗത്തിൽ അറ്റു പോകയില്ല.” എന്ന് തിരുവചനത്തിൽ ഞങ്ങൾ വായിക്കുന്നതുപോലെ അങ്ങയോടുള്ള ബന്ധത്തിൽ കൂടുതൽ വളർന്ന് ഞങ്ങളുടെ ഈ ബന്ധത്തെ ശക്തീകരിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ. ദൈവസ്നേഹത്തിൽ ഒന്നായി ജീവിക്കുവാനും പരസ്പരം ബഹുമാനിക്കുവാനും, ക്ഷമിക്കുവാനും, ഭാരങ്ങൾ ചുമക്കുവാനും ഞങ്ങൾക്ക് ഇടയാകണമെ. അന്യോന്യം കുറ്റങ്ങളും കുറവുകളും കണ്ടുപിടിച്ചു അവയെ വിമർശിക്കുവാനുള്ള പ്രലോഭനം ഞങ്ങളിൽ നിന്ന് അകറ്റണമെ. ശരീരാത്മദേഹികളിൽ ഞങ്ങൾ ഒന്നായിതന്നെ ജീവിക്കുവാൻ സഹായിക്കണമെ. ആധുനിക ലോകത്തിന്റെ പ്രലോഭനങ്ങളിലും ആകർഷണങ്ങളിലും അകപ്പെടാതെ വിവാഹബന്ധത്തിന്റെ വിശുദ്ധിയും അവിഭാജ്യതയും അന്ത്യംവരെ കാത്തു പരിപാലിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെ. സ്നേഹത്തിലുടെ എല്ലാം കാണുവാനും സ്നേഹത്തിൽ തന്നെ എല്ലാം ചെയ്യുവാനും ഞങ്ങളെ അനുഗ്രഹിക്കണമെ. ഇരു കുടുംബങ്ങളിലേയും മാതാപിതാക്കളേയും, സഹോദരങ്ങളേയും, ബന്ധുമിത്രാദികളേയും സ്നേഹിക്കുവാൻ ഞങ്ങൾക്ക് ഇടയാകണമെ. (ഞങ്ങൾക്ക് അവിടുന്ന് ദാനമായി തന്ന മക്കളെ അനുഗ്രഹിക്കണമേ). വിവാഹബന്ധത്തിന്റെ പാവനമാർഗത്തെ വഷളാക്കുന്ന സകലത്തിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ. ഞങ്ങളുടെ ഈ പരസ്പര ബന്ധവും ചേർച്ചയും യോഗ്യമായ വിധത്തിലുള്ള ഞങ്ങളുടെ സ്വഭാവ വളർച്ചയ്ക്കും, അങ്ങയുടെ തിരുനാമ മഹത്വത്തിനുമായിത്തീരേണമെ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും സമർപ്പിക്കുമാറാകേണമെ. ആമ്മീൻ

## Resource Person



**Rev. Fr. Varghese George**

E-mail: lajiachen@yahoo.co.in

Vicar: St. Thomas Orthodox Church, Parumala

**Home Parish:**

St. George Orthodox Church Cheppad (Mavelikara Diocese)

**Educational Qualification:**

MA (Philosophy), MA (Psychology), BD, GST, PG Diploma in Counselling, Diploma in Alcoholic Counselling & Therapy

**De-Addiction Trainer**

**Director:**

Pratheeksha Counselling Center, Bethany Aramana, Thiruvalla

'Sakhithvam' Pre-marital Counselling Programme

P.O. Box : 2563, Dubai - UAE Tel : 04-337 1122, Fax : 04-335 2252
Email : stthomas@emirates.net.ae www.stthomascathedraldubai.org



# FAMILY CONFERENCE 2014

**23-24 October 2014**

**(Thursday & Friday)**

**St. Thomas Orthodox Cathedral, Dubai, U.A.E.**

THEY ARE ONE - A PROJECT ON STRENGTHENING MARITAL RELATIONS

## വിഷയം: അവർ ഒന്നാകുന്നു

**മുഖ്യ പ്രാസംഗികൻ: റവ. ഫാ. വർഗീസ് ജോർജ്ജ്**



for private circulation only

സാംസ്ക്കാരിക മൂല്യച്യുതി നമ്മുടെ കുടുംബ ബന്ധങ്ങളെ ആഴമായി ബാധിച്ചിരിക്കുന്നു. ആഗോളവൽക്കരണം, ഉദാരവൽക്കരണം മുതലായ നൂതന കാൽവയ്പുകൾ ലോകത്തിന്റെ സാമൂഹിക, സംസ്ക്കാരിക, സാമ്പത്തിക ക്രമത്തെ തന്നെ മാറ്റിമറിച്ചിരിക്കുന്നു. സമൃദ്ധിയുടെ ഈ പുത്തൻ മേഖലകൾ നാം സ്വായത്തമാക്കിയപ്പോൾ പവിത്രവും പരിപാവനവുമായി നാം സൂക്ഷിച്ചിരുന്ന കുടുംബമെന്ന സങ്കൽപ്പം നമുക്ക് കൈമോശം വന്നിരിക്കുന്നു.

കുടുംബം ദൈവത്താൽ സ്ഥാപിക്കപ്പെട്ടതാണ്. ഒരു കുടുംബ ജീവിതത്തിന്റെ ആരംഭം കുറിക്കുന്നത് വിവാഹം എന്ന കൂദാശയിലൂടെയാണ്. വിവാഹത്തിലൂടെ ഒരു പുതിയ ബന്ധം തുടങ്ങുന്നു. കുടുംബങ്ങൾ സമൂഹത്തിന്റെ അടിത്തറയാണ്. കുടുംബബന്ധങ്ങളിലെ വിള്ളലുകൾ നമ്മുടെ സമൂഹത്തെയും ബാധിച്ചിരിക്കുന്നു. “സങ്കീ: 128: 3-4, നിന്റെ ഭാര്യ നിന്റെ വീട്ടിന്നകത്ത് ഫലപ്രദമായ മുന്തിരിവള്ളി പോലെയും നിന്റെ മക്കൾ നിന്റെ മേശയ്ക്കു ചുറ്റും ഒലിവു തൈകൾ പോലെയും ഇരിക്കും. യഹോവാ ഭക്തനായ പുരുഷൻ ഇങ്ങനെ അനുഗ്രഹിക്കപ്പെട്ടവനാകും.”

സ്നേഹവും ത്യാഗവുമാണ് സന്തുഷ്ട കുടുംബ ബന്ധങ്ങളുടെ ആധാരശിലകൾ. ദൈവസാന്നിദ്ധ്യം കുടുംബങ്ങളിൽ നിറഞ്ഞു നിൽക്കണം. ജീവിതഭാരങ്ങൾ തോളോടുതോൾ ചേർന്നു വഹിച്ചാൽ അവ ലഘൂകരിക്കപ്പെടും. സുഖവും ദുഃഖവും പങ്കുവയ്ക്കപ്പെടുവാൻ ഇടയാകും. പരസ്പര സ്നേഹം, കരുതൽ എന്നിവ കുടുംബ ജീവിതത്തിന്റെ സുരക്ഷിതത്വബോധം വർദ്ധിപ്പിക്കും. ഒരു കുടുബം തകരുമ്പോൾ ഒരുസമൂഹം തന്നെയാണ് തകരുന്നത്. അവിടെ മക്കൾ അനാഥരായിത്തീരുന്നു. ഇതു സംഭവിക്കുവാതിരിക്കുവാൻ ദാമ്പത്യ വിശുദ്ധീകരണത്തിനു നാം തയ്യാറാവണം. ഈ വർഷത്തെ നമ്മുടെ ഫാമിലി കോൺഫറൻസ് അതിനു മുഖാന്തിരമായിത്തീരട്ടെ എന്ന് കർത്താവിൽ ശരണപ്പെടുന്നു.

“ And the two shall become one flesh; so they are no longer two but one flesh, what therefore God has joined together let no man separate”
(St. Matthew 19:6)

# FAMILY CONFERENCE 2014

**23rd & 24th October, 2014**
**(Thursday, Friday)**

**Theme**
**“They are one”**
**“അവർ ഒന്നാകുന്നു”**

**Resource Person**
**Rev. Fr. Varghese George**

## Day 1, 23rd October, 2014 (Thursday)

| | |
|---|---|
| 06.00 PM - 07.00 PM | Registration |
| 06:15 PM - 07.15 PM | Evening Prayer |
| 07.15 PM - 07.30 PM | Songs |
| 07.30 PM - 08.00 PM | Inaugural Session |

**Session 1**

| | |
|---|---|
| 8.00 PM - 09.25 PM | Theme Presentation<br>**They are one**<br>**അവർ ഒന്നാകുന്നു**<br><br>**Family-**<br>**In Christian Perspective**<br>**കുടുംബം**<br>**തിരുവചനാടിസ്ഥാനത്തിൽ**<br>**Rev. Fr. Varghese George** |
| 09.30 PM | Dinner and Dispersal |

## Day 2, 24th October, 2014 (Friday)

| | |
|---|---|
| 07.15 AM - 10.00 AM | Morning prayer and<br>**Holy Qurbana**<br>**Rev. Fr. Varghese George** |
| 10.15 AM - 10.45 AM | Registration & Breakfast |
| 10.45 AM - 11.00 AM | Songs |

**SESSION 2**

| | |
|---|---|
| 11.00 AM - 12:45 PM | **Family-**<br>**In Sociological Outlook**<br>**കുടുംബം**<br>**സാമൂഹ്യവീക്ഷണത്തിൽ**<br>**Rev Fr. Varghese George** |
| 12.45 PM - 01.15 PM | Open Forum |
| 01.15 PM - 01.30 PM | Prayer |
| 01.30 PM - 02.00 PM | Lunch Break |

**SESSION 3**

| | |
|---|---|
| 02.00 PM - 02.45 PM | **Medical Awareness Session** |
| 02.45 PM - 03.30 PM | **Family-**<br>**In Psychological Perspective**<br>**കുടുംബം**<br>**മനഃശാസ്ത്രവീക്ഷണത്തിൽ**<br>**Rev. Fr. Varghese George** |
| 03.30 PM - 04.00 PM | Open Forum & Concluding session |
| 04.00 PM - 04.15 PM | Prayer & Benediction |
| 04.15 PM | Tea & Dispersal |